

# താഴൂർ സെന്റ് മേരീസ് ഇടവക

പരിയാരം സെന്റ് ജോർജ്ജ് ഇടവകയിൽ ഉൾപ്പെട്ടിരുന്ന കോടശ്ശേരി - താഴൂർ പ്രദേശത്തെ കത്തോലിക്കാസമുദായം പള്ളി പണിയണമെന്ന ഉദ്ദേശ്യത്തോടെ 11.12.1953-ൽ താഴൂർ ദേശത്ത് ഒരു ഏക്കർ മുക്കാൽ സെന്റ് സ്ഥലം വടാശ്ശേരി കുഞ്ഞുവറിയത് വർക്കി എന്നയാളിൽ നിന്ന് വാങ്ങി. വി. ഗീവർഗീസ് സഹദായുടെ നാമത്തിൽ 1954-ൽ അവിടെ ഒരു കപ്പേള പണിതുയർത്തി.

പള്ളി പണിയുന്നതിന് അനുവാദത്തിനായി തൃശ്ശൂർ രൂപതാമെത്രാൻ അഭിവന്ദ്യ ജോർജ്ജ് ആലപ്പാട്ട് തിരുമേനി മുമ്പാകെ പരിയാരം പള്ളി വികാരിയായിരുന്ന ബഹു. അക്കര ജോർജ്ജ് അച്ചന്റെ ശുപാർശയോടെ 16.11.1954-ൽ അപേക്ഷ സമർപ്പിച്ചു.

സർക്കാരിൽനിന്ന് സിമിത്തേരിയ്ക്കുള്ള അനുവാദം തരപ്പെടുത്തുവാൻ അഭിവന്ദ്യ മെത്രാൻ തിരുമേനി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 1955-ൽ സിമിത്തേരി പണിയുന്നതിനുള്ള അനുവാദം സർക്കാരിൽനിന്ന് ലഭ്യമാക്കി. സിമിത്തേരിയ്ക്കുള്ള അനുമതി കിട്ടിയതോടെ 25.5.1955-ൽ പള്ളിപ്പണിക്കുള്ള അനുവാദം അഭിവന്ദ്യപിതാവിൽ നിന്നു ലഭിച്ചു.

## പള്ളി, സിമിത്തേരി

താമസിയാതെ തന്നെ പള്ളിപ്പണി ആരംഭിക്കുകയും മരവും ഓടുംകൊണ്ടുള്ള മേൽക്കൂരയോടുകൂടിയ സങ്കീർത്തിയും മദ്ബഹായും ഓലഷെഡ്ഡായുള്ള പള്ളിഹാളും (ഹൈക്കല) ചേർന്നുള്ള അന്നത്തെ നിലയ്ക്കുള്ള പള്ളിപ്പണി പൂർത്തീകരിക്കുകയും 24.9.1961-ൽ രൂപതയിൽ നിന്നുള്ള അനുവാദത്തോടെ പരിയാരം പള്ളി വികാരിയായിരുന്ന ബഹു. അന്തിക്കാട്ട് യാക്കോബ് അച്ചന്റെ കാർമ്മികത്വത്തിൽ വെഞ്ചിരിച്ച് പ്രഥമബലി അർപ്പിക്കുകയും കോടശ്ശേരി നിത്യസഹായമാതാവിൻ പള്ളി എന്നപേരിൽ കുരിശുപള്ളിയായി ഉയർത്തുകയും ചെയ്തു. 24.9.1962-ൽ സിമിത്തേരി പണി പൂർത്തിയാക്കി ആശീർവദിച്ചു.

പരിയാരം പള്ളിയുടെ കീഴിലായിരുന്നുവെങ്കിലും തുടർന്ന് ഈ കുരിശുപള്ളിയുടെ നടത്തിപ്പ് സൗകര്യാർത്ഥം ചൗക്ക (എലിഞ്ഞിപ്ര) പള്ളിയുടെ ബഹു. വികാരിയച്ചന്മാരെയാണ് ഏല്പിച്ചിരുന്നത്. അക്കാലഘട്ടങ്ങളിൽ ചൗക്ക പള്ളിയുടെ വികാരിമാരായിരുന്ന ബഹു. പോൾ ചാലിശ്ശേരിയച്ചൻ, ബഹു. ആന്റണി ഐനിക്കൽ അച്ചൻ, ബഹു. മാത്യു കിടങ്ങനച്ചൻ എന്നിവരുടെ സഹകരണവും അത്യുത്സാഹവും വഴി ഓലഷെഡ്ഡായിരുന്ന പള്ളിക്കെട്ടിടം മരവും ഓടുംകൊണ്ടുള്ള കെട്ടിടമാക്കി മാറ്റി.

1967 ആഗസ്റ്റ്മാസം 7-ാം തിയ്യതി ബഹു. മാളി

യേക്കൽ തോമസ് അച്ചൻ പരിയാരം പള്ളി വികാരിയും ബഹു. മാത്യു കിടങ്ങൻ അച്ചൻ ചൗക്ക പള്ളി വികാരിയുമായിരിക്കെ അഭിവന്ദ്യ ജോർജ്ജ് ആലപ്പാട്ട് തിരുമേനി പള്ളിയുടെ കൂദാശാകർമ്മം നിർവ്വഹിച്ചു.

## ഇടവക, വൈദികമന്ദിരം

കുരിശുപള്ളിയെ ഇടവകയായി ഉയർത്തണമെന്ന അതീവ താല്പര്യത്തോടെ ബഹു. വികാരിയച്ചന് താമസിക്കുന്നതിനുള്ള വൈദിക മന്ദിരം താമസിയാതെ പണിത് 15.8.1968-ൽ വെഞ്ചിരിക്കുകയുണ്ടായി. 20.4.1969-ൽ അഭിവന്ദ്യ ആലപ്പാട്ട് തിരുമേനി താഴൂരിനെ (കോടശ്ശേരി) നിത്യസഹായമാതാവിന്റെ നാമധേയത്തിലുള്ള ഇടവകയായി പ്രഖ്യാപിച്ചു (DL 2/69). പ്രഥമ വികാരി ബഹു. മാത്യു കിടങ്ങനച്ചനായിരുന്നു.

## സ്ഥിരം വികാരി

കുറച്ചുനാൾ കൂടി എലിഞ്ഞിപ്ര (ചൗക്ക) പള്ളിയുടെ നടത്തുപള്ളിയായി താഴൂർ നിലകൊണ്ടു. ഇടവകജനത്തിന്റെ നിരന്തരമായ അഭ്യർത്ഥനയും



വൈദിക മന്ദിരം

താത്പര്യവും പൂവണിയുമാറ് 1970-ൽ തന്നെ ബഹു. ആന്റണി മേച്ചേരി അച്ചനെ ഇടവകയുടെ സ്ഥിരതാമസമുള്ള പ്രഥമ വികാരിയായി ലഭിച്ചു.

## നവീന ദേവാലയം

ബഹു. ആന്റണി പറമ്പത്ത് അച്ചൻ വികാരിയായിരിക്കേ, പള്ളിയുടെ പുനർനിർമ്മാണ പ്രക്രിയ അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ കാർമ്മികത്വത്തിൽ കല്ലിടൽ കർമ്മത്തോടെ 4.2.1996-ൽ ആരംഭിക്കുകയും പണി പൂർത്തിയായതോടെ 1999 മേയ് 16-ാം തിയ്യതി അഭിവന്ദ്യ ജെയിംസ് പിതാവു തന്നെ പ്രതിഷ്ഠാകർമ്മം നടത്തുകയും ചെയ്തു. പിന്നീട് പള്ളിയുടെ പേര് കോടശ്ശേരി നിത്യസഹായമാതാവിന്റെ പള്ളി എന്നതിനുപകരം സൗകര്യാർത്ഥം സെന്റ് മേരീസ് പള്ളി, താഴൂർ എന്നാക്കി മാറ്റി.

## എം.എസ്.എം.ഐ. കോൺവെന്റ്

21.7.2002-ൽ മിഷനറി സിസ്റ്റേഴ്സ് ഓഫ് മേരി



സെന്റ് സെബാസ്റ്റ്യൻ കപ്പേള, ചട്ടിക്കുളം



സെന്റ് മേരീസ് കപ്പേള, കമ്മളം

ഇമ്മാകുലേറ്റ് എന്ന സന്യാസിനീസമൂഹം സെന്റ് മേരീസ് കോൺവെന്റ് എന്ന പേരിൽ രൂപതയിലെത്തന്നെ തങ്ങളുടെ ആദ്യത്തെഭവനം സ്ഥാപിച്ച് ഇവിടെ സേവനമനുഷ്ഠിച്ചുവരുന്നു. ഇടവകയിലെ പ്രഥമവും ഏകമാത്രവുമായ സന്യാസഭവനമാണിത്. ഇടവകയുടെ വിവിധ പ്രവർത്തനങ്ങളിൽ ഇവർ സജീവമായി സഹകരിക്കുന്നു.

225 കുടുംബങ്ങളുമായി ആരംഭിച്ച താഴൂർ (കോടശ്ശേരി) ഇടവക ഇന്ന് 636 കുടുംബങ്ങളടങ്ങുന്ന സമൂഹമായി വളർന്നിരിക്കുന്നു. 18 കുടുംബയൂണിറ്റുകളായി ഇടവക പ്രവർത്തിക്കുന്നു.



പാരിഷ് ഹാൾ



പ്രഥമ ദേവാലയം


സെന്റ് മേരീസ് കോൺവെന്റ്


സെന്റ് മേരീസ് കപ്പേള, നായരങ്ങാടി